**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2174** **14-10-2024 - ൽ മറുപടിയ്ക്ക്**

**ആശാവർക്കർമാരുടെ ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ആശാവർക്കർമാർക്ക് നിലവിൽ നൽകുന്ന ഓണറേറിയവും മറ്റ് ആനുകൂല്യങ്ങളും സംബന്ധിച്ച വിശദാംശം നൽകാമോ; | (എ) | ആശമാർക്ക് ഒരു നിശ്ചിത തുക വേതനമായി നൽകുന്നില്ല. മറിച്ച് വിവിധ പദ്ധതികളിൽ നിന്നും ലഭിക്കുന്ന ഇൻസെന്റീവുകളും സംസ്ഥാന സർക്കാർ നൽകുന്ന 7000 രൂപ പ്രതിമാസ ഓണറേറിയവും, കേന്ദ്ര സർക്കാർ നൽകുന്ന 2000 രൂപ പ്രതിമാസ നിശ്ചിത ഇൻസെന്റീവുകളുമാണ് ഇവർക്ക് നൽകിക്കൊണ്ടിരിക്കുന്നത്. ഇതുകൂടാതെ 2022 ഏപ്രിൽ മുതൽ ആശമാർക്ക് പ്രതിമാസം 200 രൂപ ടെലിഫോൺ അലവൻസും നൽകി വരുന്നു. 2015 ജൂലൈ മുതൽ ആശമാർക്ക് ആശാകിരണം ആശ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. ഇതു പ്രകാരം 105 രൂപ വാർഷിക പ്രീമിയത്തിൽ 5 ലക്ഷം രൂപയുടെ അപകട മരണത്തിനും, 3 ലക്ഷം രൂപയുടെ പൂർണ്ണ അംഗവൈകല്യത്തിനും, 1 ലക്ഷം രൂപയുടെ ഭാഗീക അംഗവൈകല്യത്തിനും, അപകട/ അസുഖത്തിനോടു അനുബന്ധിച്ച ആശുപത്രി ചെലവിന് 20,000 രൂപയുടെയും കുഞ്ഞുങ്ങളുടെ വിദ്യാഭ്യാസത്തിന് 2000 രൂപയുടെയും സ്വാഭാവിക മരണ സംസ്കാര കർമ്മത്തിന് 50,000 രൂപയുടെയും ഇൻഷ്വറൻസ് പരിരക്ഷയാണ് ആശമാർക്ക് നൽകുന്നത്. 2023 -24 സാമ്പത്തിക വർഷത്തിൽ 29 പേർക്ക് ഇൻഷ്വറൻസ് ക്ലെയിം നൽകിയിട്ടുണ്ട്. ഇതിൽ 20 സാധാരണ മരണങ്ങൾക്കും ഒരു അപകടമരണത്തിനും 8 അപകടങ്ങൾക്കും ക്ലെയിം ലഭ്യമാക്കിയിട്ടുണ്ട്. ആശമാർക്ക് സാമൂഹ്യ സുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി PMJJBY (പ്രധാനമന്ത്രി ജീവൻ ജ്യോതി ഭീമ യോജന), PMSBY (പ്രധാനമന്ത്രി സുരക്ഷ ഭീമ യോജന), PM-SYM (പ്രധാനമന്ത്രി ശ്രം യോഗി മാൻ ധൻ യോജന) എന്നീ പദ്ധതികളിൽ അംഗങ്ങളാക്കിയിട്ടുണ്ട്, PMJJBY ൽ 13750 ആശമാരും PMSBY ൽ 15050 പേരും PM-SYM ൽ 3550 പേരും അംഗങ്ങളായിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഇതിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിഹിതം എത്രയെന്ന് വ്യക്തമാക്കാമോ; | (ബി) | ആശാ വർക്കേഴ്സിനുള്ള ഹോണറേറിയം മുഴുവനായും സംസ്ഥാന സർക്കാർ വിഹിതമാണ്. ഇൻസെന്റീവും സാമൂഹിക സുരക്ഷാ പദ്ധതിയിലെ വിഹിതം എന്നത് 60 : 40 എന്ന രീതിയിൽ കേന്ദ്രവും സംസ്ഥാന സർക്കാരും നൽകി വരുന്നു. |
| (സി) | ആശാവർക്കർമാരുടെ ഓണറേറിയവും മറ്റ് ആനുകൂല്യങ്ങളും കാലാനുസൃതമായി വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | ആശാ വർക്കർമാരുടെ ഓണറേറിയം 6000 /- രൂപയിൽ നിന്നും 7000/- രൂപയായി 2023 ഡിസംബർ മാസം മുതൽ പ്രാബല്യത്തിൽ വരത്തക്ക രീതിയിൽ വർദ്ധിപ്പിച്ച് കൊണ്ട് ഉത്തരവായിട്ടുണ്ട്. കഴിഞ്ഞ മാസം കേന്ദ്ര ആരോഗ്യ വകുപ്പ് മന്ത്രിയെ നേരിൽക്കണ്ട അവസരത്തിൽ ആശമാർക്കുള്ള ഇൻസന്റീവ് വർദ്ധനവ് സംസ്ഥാന ആരോഗ്യ വകുപ്പ് മന്ത്രി ആവശ്യപ്പെട്ടിരുന്നു. |

സെക്ഷൻ ഓഫീസർ